(സി) വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടിൽ കണികാപരീക്ഷണശാല നിർമ്മിക്കുന്നത് തദ്ദേശീയരായ ജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്നതാണെന്ന് പരാമർശിക്കുന്നപക്ഷം ഇക്കാര്യം പരിഹരിക്കാനുള്ള നടപടി കൈക്കൊള്ളാവുന്നതാണ്.

ഫെലോഷിപ്പ് തുക

51 (2867) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് (ഫോർ പി.എച്ച്.ഡി) നിലവിൽ കൊടുത്തു വരുന്ന പ്രതിമാസ സംഖ്യ എത്ര ;

(ബി) കേന്ദ്ര മാനവവിഭവശേഷി വകുപ്പും, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും മേൽപ്പറഞ്ഞ ഫെലോഷിപ്പ് വർദ്ധിപ്പിച്ച് വിജ്ഞാപനം ഇറക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ; അത് പൂർവ്വകാല പ്രാബല്യത്തോടെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലെ ജൂനിയർ റിസർച്ച് ഫെലോഷിപ്പ് (പി.എച്ച്.ഡി. -ക്കുള്ളത്) ആദ്യ 2 വർഷത്തിൽ പ്രതിമാസം രൂ.16,000+10% എച്ച്.ആർ.എ. +രൂ.20,000 പ്രതിവർഷ കണ്ടിജൻസിയും മൂന്നാമത്തെ വർഷം (സീനിയർ റിസർച്ച് ഫെലോഷിപ്പ്) പ്രതിമാസം രൂ.18,000 + 10% എച്ച്.ആർ.എ.+ രൂ.20,000 പ്രതിവർഷ കണ്ടിജൻസിയുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആയത് കേരളത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇത് ഉയർന്ന സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ പരിശോധിച്ചുവരുന്നു.

തീരപരിപാലന നിയമം

52 (2868) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപരിപാലന നിയമം നടപ്പിലാക്കുമ്പോൾ കടലിന്റെയും കായലിന്റെയും തീരങ്ങളിലുള്ള സർക്കാർ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ഒട്ടേറെ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly